89/DGE/HSE/NSS/2024


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി, ഉള്ളൂർ ലെയിൻ (Opp. New Building),
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com


തീയതി : 05.09.2024

## സർക്കുലർ

**വിഷയം :** ഹയർ സെക്കന്ററി വിഭാഗം എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ - സംബന്ധിച്ച്

**സൂചന** : ഹയർ സെക്കന്ററി എൻ.എസ്.എസ്. ഉപദേശകസമിതിയോഗം 2024-25 (25.06.2024) തീരുമാനങ്ങൾ നമ്പർ. 15

സൂചന ഉപദേശകസമിതി യോഗതീരുമാനപ്രകാരം എൻ.എസ്.എസ്. പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ യൂണിറ്റ്തലം മുതൽ കൃത്യതയോടെ പൂർത്തീകരിക്കേണ്ടതാണ്. റിപ്പോർട്ടിംഗിന് ആവശ്യമായ ഗൂഗിൾ ഷീറ്റ് ജില്ലാ കൺവീനർമാർ വഴി യൂണിറ്റുകൾക്ക് നൽകുന്നതാണ്. ഇത്തരത്തിൽ നൽകുന്ന ഗൂഗിൾ ഷീറ്റിൽ ഓറിയന്റേഷൻ, ക്യാമ്പസ്, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ (വോളന്റിയർ പങ്കാളിത്തം, പരിപാടികളുടെ സ്വഭാവം അനുസരിച്ചുള്ള വിവരങ്ങൾ, ചിലവ്) രേഖപ്പെടുത്തേണ്ടതാണ്.

യൂണിറ്റ് തലത്തിൽ നിന്നും പ്രതിമാസ റിപ്പോർട്ട് അടുത്തമാസം 5-ാം തീയതിക്ക് മുൻപായി ക്ലസ്റ്റർ കൺവീനർമാർക്കും 7-ാം തീയതിക്ക് മുൻപായി ജില്ലാ കൺവീനർമാർക്കും 10-ാം തീയതിക്കു മുൻപായി റീജിയണൽ കൺവീനർമാർക്കും 15-ാം തീയതിക്കു മുൻപായി ഡയറക്ടറേറ്റ് തലത്തിലും റീജിയണൽ കൺവീനർമാർ വഴി സമർപ്പിക്കേണ്ടതാണ്.

ഗൂഗിൾ ഫോം സമർപ്പിക്കുന്നതിനോടൊപ്പം പ്രവർത്തനങ്ങളുടെ ഓരോ ഫോട്ടോ വീതം (എൻ.എസ്.എസ്. ബാനറോടുകൂടിയ ആക്ഷൻ ഫോട്ടോകൾ) പ്രോഗ്രാം ഓഫീസർമാർ ക്ലസ്റ്റർ കൺവീനർമാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഫോട്ടോകളിൽ തിരഞ്ഞെടുത്ത ഫോട്ടോകൾ ലഘുവിവരണത്തോടെ സോഫ്റ്റ് കോപ്പിയായി ജില്ലാകൺവീനർമാർ എൻ.എസ്.എസ്. സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ യൂണിറ്റ്തലം മുതൽ സംസ്ഥാനതലം വരെ കൃത്യതയോടെ നടപ്പിലാക്കാൻ അതത് തലങ്ങളിലെ ചുമതലക്കാർ അടിയന്തിരമായി ശ്രദ്ധിക്കുകയും ആവശ്യമായ ഫോളോ അപ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ